

കണ്ണൂരിൽ സതീശൻ പാച്ചേനിയുടെ 24 മണിക്കൂർ നിരാഹാരം കെ.സുധാകരൻ ഉദ്ഘാടനം ചെയ്യുന്നു

## സതീശൻ പാച്ചേനി 24 മണിക്കൂർ നിരാഹാരം തുടങ്ങി

# ഷുഹൈബ് വധം: ആറ് മാസമായിട്ടും ലോക്കൽ സെക്രട്ടറിയെ അറസ്റ്റ് ചെയ്യാത്ത നടപടി നാണക്കേടെന്ന് കെ. സുധാകരൻ

കണ്ണൂർ: യൂത്ത് കോൺഗ്രസ് പ്രവർത്തകൻ ഷുഹൈബിനെ കൊലപ്പെടുത്തിയ കേസിൽ കുറ്റപത്രം നൽകിയ പോലീസ് ആറ് മാസം കഴിഞ്ഞിട്ടും ലോക്കൽ സെക്രട്ടറിയെ അറസ്റ്റ് ചെയ്യാത്തത് ജനാധിപത്യ കേരളത്തിന് നാണക്കേടാണെന്ന് കെ.പി.സി.സി രാഷ്ട്രീയകാര്യ സമിതിയംഗം കെ. സുധാകരൻ അഭിപ്രായപ്പെട്ടു. ഷുഹൈബിന്റെ മുഴുവൻ ഘാതകരെയും അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി കലക്ട്രേറ്റ് പരിസരത്ത് ആരംഭിച്ച 24 മണിക്കൂർ നിരാഹാര സത്യഗ്രഹം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കൊലയിൽ പങ്കുണ്ടെന്ന് കുറ്റപത്രത്തിൽ പോലീസ് പറഞ്ഞ ലോക്കൽ സെക്രട്ടറി ഇപ്പോഴും നാട്ടിൽ സ്വൈര്യവിഹാരം നടത്തുകയാണ്. മറ്റ് കേസുകളിലെ പ്രതികളായ സി.പി.എമ്മുകാരെ ഇറക്കാൻ പോലീസ് സ്റ്റേഷനിൽ കയറിയിറങ്ങുന്ന ലോക്കൽ സെക്രട്ടറിയെ അറസ്റ്റ് ചെയ്യാൻ കണ്ടുകിട്ടുന്നില്ലെന്നാണ് പോലീസ് പറയുന്നത്. സി.ബി.ഐ അന്വേഷണത്തെ സംസ്ഥാന സർക്കാർ എതിർക്കുന്നത് കണ്ണൂരിലെ സി.പി.എം നേതൃത്വം കൂട്ടത്തോടെ കൊലക്കേസ് പ്രതികളാകുന്നത് ഒഴിവാക്കാനാണെന്ന് സുധാകരൻ പറഞ്ഞു. ചന്ദ്രൻ തില്ലങ്കേരി അധ്യക്ഷത വഹിച്ചു. വി.കെ. അബ്ദുൾഖാദർ മൗലവി, പി.ടി. ജോസ്, ഇല്ലിക്കൽ അഗസ്റ്റി, ജോർജ് വടകര, വി.എ. നാരായണൻ, സുമ ബാലകൃഷ്ണൻ, സജീവ് ജോസഫ് പ്രസംഗിച്ചു. കെ.പി. സാജു സ്വാഗതം പറഞ്ഞു. ഷുഹൈബിന്റെ പിതാവ് മുഹമ്മദ് ഉൾപ്പെടെയുള്ളവർ സമരപ്പന്തലിൽ എത്തിയിരുന്നു.


സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന്: 2,750
പവന് :22,200
പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237


## ജയിൽ നിറക്കൽ സമരത്തിന് വൻ ജനാവലി

കണ്ണൂർ: അഖിലേന്ത്യ വ്യാപകമായ ജയിൽ നിറക്കൽ സമരത്തിന്റെ ഭാഗമായി കിസാൻസഭ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഹെഡ്പോസ്റ്റോഫീസ് പരിസരത്ത് കർഷക ധർണ്ണ നടത്തി. ധർണ്ണയിൽ നൂറുകണക്കിനാളുകൾ പങ്കാളിയായി. ജയിംസ് മാത്യു എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഒ.വി.നാരായണൻ അധ്യക്ഷത വഹിച്ചു. കെ.പി.സഹദേവൻ, പി.പി.ദാമോദരൻ, പി.വി.ഗോപിനാഥ്, പുല്ലായിക്കൊടി ചന്ദ്രൻ, വി.ജി.പത്മനാഭൻ, പുഞ്ചയിൽ നാണു പ്രസംഗിച്ചു. വത്സൻ പനോളി സ്വാഗതം പറഞ്ഞു. ധർണ്ണയ്ക്ക് അഭിവാദ്യമർപ്പിച്ച് സി.ഐ.ടി.യു ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രകടനത്തിലും വൻ ജനാവലി അണിനിരുന്നു.



കിസാൻസഭ ജയിൽ നിറക്കൽ സമരം ജയിംസ് മാത്യു എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# കർണ്ണാടക വനത്തിൽ പലയിടത്തായി ഉരുൾപൊട്ടി; കാരിക്കയം പാലം വെള്ളത്തിൽ മുങ്ങി

ആലക്കോട്: വൻ നാശനഷ്ടങ്ങൾ വിതച്ച് കാലവർഷം മലയോരത്ത് വീണ്ടും കലിതുള്ളുന്നു. ഇന്നലെ രാത്രിയിലും ഇന്ന് രാവിലെയുമായി കനത്ത മഴയുടെ പിടിയിലാണ് ആലക്കോട് മേഖല. മലയോരത്തെ പല ഗ്രാമങ്ങളും പുറംലോകത്ത് നിന്ന് ഒറ്റപ്പെട്ട അവസ്ഥയിലാണ്. കനത്ത മഴ നീണ്ടു നിൽക്കുന്നത് ജനങ്ങളെയാകെ ഭീതിയിലാഴ്ത്തിയതോടെ, അപകടാവസ്ഥക്കെതിരെ ജാഗ്രതപാലിക്കണമെന്ന മുന്നറിയിപ്പ് നൽകി ആലക്കോട് പഞ്ചായത്ത് നേതൃത്വത്തിൽ ഇന്നലെ മലയോര മേഖലയിൽ ജീപ്പിൽ മൈക്ക് അനൗൺസ്മെന്റ് നടത്തി. പുഴകളിൽ ഇറങ്ങരുതെന്നും മറ്റും മുന്നറിയിപ്പ് കാട്ടിയാണ് അനൗൺസ്മെന്റ് നടത്തിയത്. വീണ്ടും ഉരുൾപൊട്ടൽ സംഭവിക്കുമെന്ന ആശങ്കയിലാണ് മലയോരത്തെ ജനങ്ങൾ. കർണ്ണാടക വനത്തിൽ പലയിടത്തായി ഉരുൾപൊട്ടിയതിനെ തുടർന്ന് മലയോരത്തെ പുഴകൾ മുഴുവൻ കരകവിഞ്ഞൊഴുകുകയാണ്. മാമ്പൊയിൽ മേഖലയെ പുറംലോകവുമായി ബന്ധിപ്പിച്ചുള്ള മണക്കടവ് കാരിക്കയം പുഴ കരകവിഞ്ഞ് പാലം വെള്ളത്തിൽ മുങ്ങിയത് ഇന്നലെ ജനങ്ങളെ പരിഭ്രാന്തിയിലാഴ്ത്തി. കേരള-കർണ്ണാടക അതിർത്തിയിലെ മണക്കടവ് വായിക്കമ്പയിൽ നിന്ന് ഉള്ളിലേയ്ക്കുള്ള കർണ്ണാടക വനത്തിന്റെ വിവിധ ഭാഗങ്ങളിലാണ് ഇന്നലെ ഉരുൾപൊട്ടിയത്. ഏക്കർ കണക്കിന് വനം ഉരുൾപൊട്ടലിൽ കുത്തിയൊലിച്ച് പോയതായാണ് കർണ്ണാടക വനപാലകർ പറയുന്നത്.



കർണ്ണാടക വനത്തിലെ ഉരുൾപൊട്ടലിനെ തുടർന്ന് മണക്കടവ് കാരിക്കയം പാലം വെള്ളത്തിൽ മുങ്ങിയ നിലയിൽ


ഉടൻ ആവശ്യമുണ്ട്
സെയിൽസ് മാനേജർ, അക്കൗണ്ടിംഗ് സ്റ്റാഫ് ( Male & Female) ഹെൽപ്പർ, വെൽഡർമാർ.
ആലക്കോട് മേഖലയിലുള്ളവർക്ക് മുൻഗണന.
ഉടൻ ജോലി, ഉയർന്ന ശമ്പളം.
Ph: 6282724698, 8921076673

സ്ഥലം ആവശ്യമുണ്ട്
ധർമ്മശാല, പറശ്ശിനിക്കടവ്, ബക്കളം ദേശീയപാതക്ക് സമീപം 10 സെന്റിനും 20 സെന്റിനും ഇടയിലുള്ള സ്ഥലം ആവശ്യമുണ്ട്. വ്യാപാര സ്ഥാപനങ്ങൾ തുടങ്ങാൻ വേണ്ടിയാണ്. ഹൗസ് പ്ലോട്ടുകൾ വേണ്ട.
Mob: 7907360031


# വിസ തട്ടിപ്പ്: കേരള കോൺഗ്രസ്-ബി നേതാവിനെ ജയിലിലടച്ചു



തളിപ്പറമ്പ: പോളണ്ടിലേക്ക് വിസ വാഗ്ദാനം ചെയ്ത് എട്ടര ലക്ഷം രൂപ തട്ടിയെടുത്ത കേസിൽ കേരള കോൺഗ്രസ് -ബി ജില്ലാ പ്രസിഡണ്ട് ചെങ്ങളായിലെ കോയാടൻ കോറോത്ത് ഹരിദാസിനെ തളിപ്പറമ്പ കോടതി റിമാന്റ് ചെയ്തു. ഉദയഗിരി സ്വദേശി ഇടിയാക്കുന്നേൽ റിജോ ജോസിന്റെ പരാതിയിൽ തളിപ്പറമ്പ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ കെ.ജെ.വിനോയിയാണ് ഇന്നലെ ഹരിദാസനെ അറസ്റ്റ് ചെയ്തത്.

തളിപ്പറമ്പ സഹകരണ ആശുപത്രിക്ക് സമീപം എജ്യുക്കേഷണൽ ടൂറിസം ഡവലപ്മെന്റ് സൊസൈറ്റി എന്ന സ്ഥാപനം നടത്തി വരികയായിരുന്നു ഹരിദാസൻ. പോളണ്ടിലേക്ക് തൊഴിൽ വിസയുണ്ടെന്ന് പത്രപരസ്യം നൽകിയാണ് ഹരിദാസൻ തട്ടിപ്പ് നടത്തിയത്. പരസ്യം കണ്ട് സമീപിച്ച റിജോ ജോസിനോട് എട്ടര ലക്ഷം രൂപയാണ് ഇയാൾ ആവശ്യപ്പെട്ടത്. കഴിഞ്ഞ വർഷം ആഗസ്ത് 21ന് അഞ്ച് ലക്ഷം രൂപ പണമായും മൂന്നര ലക്ഷം രൂപ ചെക്കായും നൽകി. ഇതിനൊക്കെ രശീത് നൽകിയിരുന്നു. മൂന്ന് മാസത്തിനകം ജോലി ശരിയാകുമെന്ന് വിശ്വസിപ്പിക്കുകയും ചെയ്തു. ചെക്ക് മാറി പണമാക്കിയ ഹരിദാസ് ഈ വർഷം ജനുവരി രണ്ടിന് ഇന്റർവ്യൂന് എന്ന പേരിൽ റിജോയെ മുംബൈയിലേക്കയച്ചു. അവിടെ 24 വരെ താമസിച്ചെങ്കിലും ഇന്റർവ്യൂ നടത്താൻ ആരുമെത്തിയില്ല. തുടർന്ന് നാട്ടിലേക്ക് തിരിച്ചുവന്ന റിജോയെ മുംബൈയിൽ കൊണ്ടുപോയി ഫിബ്രവരി 26 മുതൽ മാർച്ച് 10 വരെ താമസിപ്പിച്ചു. പാസ്പോർട്ട് ഹരിദാസ് കൈക്കലാക്കുകയും ചെയ്തു. രണ്ടു തവണയായി മുംബൈയിൽ താമസിച്ചതിന് അര ലക്ഷം രൂപ റിജോക്ക് ചെലവായി. തട്ടിപ്പാണെന്ന് മനസിലായതോടെ നൽകിയ പണം തിരിച്ചു ചോദിച്ചെങ്കിലും ലഭിച്ചില്ല. ഇതേ തുടർന്നാണ് പരാതി നൽകിയത്.

# ഉന്നത വിദ്യാഭ്യാസമുണ്ടായിട്ടും തട്ടിപ്പിന്റെ മാർഗം തെരഞ്ഞെടുത്ത് പ്രശാന്ത് തുലച്ചു കളഞ്ഞത് സ്വന്തം ജീവിതം



തളിപ്പറമ്പ: ഏത് സ്ഥാപനത്തിലും ജോലി കിട്ടാവുന്ന തരത്തിലുള്ള ഉന്നത വിദ്യാഭ്യാസം. എന്നിട്ടും തട്ടിപ്പിന്റെ മാർഗം തെരഞ്ഞെടുത്ത് ജീവിതം തുലച്ചു കളയാനായിരുന്നു പ്രശാന്തിന്റെ വിധി. കടമ്പേരി സ്വദേശികൾക്ക് എയർഇന്ത്യയിൽ ജോലി വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടിയെടുത്ത് മുങ്ങിയ കേസിൽ പോലീസ് പിടികൂടിയ പാലക്കാട് മണ്ണംപറ്റയിലെ എം.വി.പ്രശാന്തിനാണ് ഈ ദുരവസ്ഥ.

ഇംഗ്ലീഷ് ഭാഷയിൽ ബിരുദാനന്തര ബിരുദവും ഫിനാൻഷ്യൽ മാനേജ്മെന്റിൽ എം.ബി.എ ബിരുദവുമുള്ള പ്രശാന്ത് പഠന കാലത്ത് ഏറ്റവും സമർത്ഥനായ വിദ്യാർത്ഥിയായിരുന്നു. വിദ്യാഭ്യാസനാന്തരം തിരുവനന്തപുരം ഐ.എച്ച്.ആർ.ഡിയിൽ ആറ് വർഷത്തോളം അസി. പ്രൊഫസറായും ജോലി നോക്കിയിരുന്നു. എന്നാൽ വി.എസ്.അച്യുതാനന്ദന്റെ മകൻ അരുൺകുമാർ ഡയരക്ടറായി വന്നതോടെ ഐ.എച്ച്.ആർ.ഡിയിൽ നിന്ന് പിരിച്ചുവിടപ്പെട്ട ഏതാനും ജീവനക്കാരിൽ പ്രശാന്തും ഉൾപ്പെട്ടു. തൊഴിൽരഹിതനായതോടെ ചെന്നൈയിലേക്ക് കടന്ന പ്രശാന്ത് അവിടെ തമിഴ്നാട് സ്വദേശികളായ ഏതാനും പേരുമായി ചേർന്ന് സിവിൽ സർവീസ് അക്കാദമിക്ക് തുടക്കം കുറിച്ചു. ഇതോടെ തന്റെ പേരിനൊപ്പം ഐ.എ.എസ് എന്ന് പ്രശാന്ത് കൂട്ടിച്ചേർക്കുകയും ചെയ്തു. സ്ഥാപനം പച്ച പിടിച്ചതോടെ പാർട്ണർമാരുമായി ചേർന്ന് ഇയാൾ ധൂർത്ത ജീവിതം നയിക്കാൻ തുടങ്ങി. അതിനിടയിൽ ആന്ധ്രയിലെ കുലീന കുടുംബത്തിൽപ്പെട്ട ഒരു യുവതിയെ വിവാഹം കഴിച്ചെങ്കിലും പ്രശാന്തുമായി ഒത്തുപോകാൻ കഴിയാതെ അവർ വേർപിരിഞ്ഞു. ധൂർത്ത ജീവിതം തുടങ്ങിയതോടെ കൈവശമുള്ള പണം മുഴുവൻ തീർന്നു. പിന്നീട് ഇയാൾ ഗുരുവായൂരിലെത്തി. അവിടെ മേൽപ്പത്തൂർ ഓഡിറ്റോറിയത്തിന് സമീപം താമസമാക്കി ഗുരുവായൂരിൽ നിന്ന് രണ്ട് നേരം ഭക്ഷണം കഴിച്ച് വിശപ്പടക്കി ജീവിതം നയിച്ചുവരികയായിരുന്നു. അതിനിടയിൽ ഗുരുവായൂരിൽ നിന്ന് പരിചയപ്പെട്ട ഒരാളിൽ നിന്ന് 60,000 രൂപ തട്ടിയെടുക്കുകയും ചെയ്തു. ഇയാൾ നൽകിയ വിവരത്തെ തുടർന്നാണ് എ.എസ്.ഐ പുരുഷോത്തമൻ, സി.പി.ഒ.ഹരിദാസൻ എന്നിവർ ചേർന്ന് ഇയാളെ പിടികൂടിയത്. തളിപ്പറമ്പിലെത്തിച്ച് സി.ഐ കെ.ജെ.വിനോയിയും എസ്.ഐ ദിനേശനും ചോദ്യം ചെയ്തപ്പോഴാണ് ഇയാളെ കുറിച്ചുള്ള കഥയുടെ ചുരുളഴിഞ്ഞത്.

# കണ്ണൂരിൽ ലോട്ടറി നമ്പർ തിരുത്തി തട്ടിപ്പ്; യുവാവ് അറസ്റ്റിൽ, കഞ്ചാവും പിടിച്ചെടുത്തു



കണ്ണൂർ: ലോട്ടറി ടിക്കറ്റിൽ കൃത്രിമം നടത്തി പണം തട്ടാൻ ശ്രമിച്ച യുവാവിനെ പോലീസ് പിടികൂടി. ഇരിക്കൂറിലെ പള്ളിപ്പാത്ത് ഹൗസിൽ മഹറൂഫിനെയാണ് (28) ടൗൺ എസ്.ഐ ശ്രീജിത്ത് കൊടേരിയും സംഘവും അറസ്റ്റ് ചെയ്തത്. വിശദമായി പരിശോധിച്ചപ്പോൾ 70 ഗ്രാം കഞ്ചാവും വസ്ത്രത്തിനകത്ത് ഒളിപ്പിച്ച നിലയിൽ ഇയാളിൽ നിന്ന് കണ്ടെടുത്തു. പഴയ ബസ്സ്റ്റാന്റിന് സമീപത്തെ ശ്രീശക്തി ലോട്ടറി സ്റ്റാളിൽ നിന്ന് ഇന്നലെ വൈകീട്ടാണ് ലോട്ടറി നമ്പർ തിരുത്തി 2000 രൂപ തട്ടിയെടുക്കാൻ ഇയാൾ ശ്രമിച്ചത്. സംശയം തോന്നിയ ലോട്ടറി സ്റ്റാൾ ജീവനക്കാർ ഇയാളെ പിടികൂടുകയും പോലീസിൽ വിവരമറിയിക്കുകയും ചെയ്തു. കൺട്രോൾ റൂം എ.എസ്.ഐ അജിത്ത് കുമാറിന്റെ നേതൃത്വത്തിൽ സംഭവസ്ഥലത്തെത്തിയ പോലീസ് ഇയാളെ കസ്റ്റഡിയിലെടുത്തു. തുടർന്ന് എസ്.ഐ ശ്രീജിത്ത് കൊടേരിയുടെ നേതൃത്വത്തിൽ വിശദമായി പരിശോധിച്ചപ്പോഴാണ് 70 ഗ്രാം കഞ്ചാവ് ഇയാളിൽ നിന്ന് കണ്ടെടുത്തത്. ഇത്തരം തട്ടിപ്പ് സംഘങ്ങൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വിലസുന്നുണ്ട്. കഴിഞ്ഞ മാസം ലോട്ടറി ഏജന്റിനെ കബളിപ്പിച്ച് പണം തട്ടിയ രണ്ട് യുവാക്കളെ പയ്യന്നൂരിൽ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ചാലയിലും പെരളശേരിയിലും സമാന തട്ടിപ്പുകൾ നടന്നിരുന്നെങ്കിലും പ്രതികളെ കണ്ടെത്താൻ സാധിച്ചിരുന്നില്ല.

## നിർമ്മാണ തൊഴിലാളികൾ ദേശീയപാത ഉപരോധിച്ചു

കണ്ണൂർ: നിർമ്മാണ മേഖലയെ സംരക്ഷിക്കണമെന്നും മറ്റും ആവശ്യപ്പെട്ട് കൺസ്ട്രക്ഷൻ വർക്കേഴ്സ് ആന്റ് സൂപ്പർവൈസേർസ് അസോസിയേഷൻ സംസ്ഥാന വ്യാപകമായി നടത്തുന്ന നിർമ്മാണ മേഖലയിലെ പണിമുടക്കിനോടനുബന്ധിച്ച് കണ്ണൂരിൽ പണിമുടക്കിയ തൊഴിലാളികൾ ഗാന്ധി സ്ക്വയറിൽ ദേശീയപാത ഉപരോധിച്ചു. സമരം സംസ്ഥാന സെക്രട്ടറി സി. വിനോദ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് ടി. ദിനേശൻ അധ്യക്ഷത വഹിച്ചു. എ. വേണുഗോപാൽ, എ. പ്രേമൻ പ്രസംഗിച്ചു. കെ. രഞ്ജിത്ത് സ്വാഗതം പറഞ്ഞു.

# ചരമം



### ഉമ്മർ ഹാജി

തളിപ്പറമ്പ: സയ്യിദ് നഗറിലെ കക്കോട്ടകത്ത് പുരയിൽ ഉമ്മർ ഹാജി (സീറായിൻ-83) നിര്യാതനായി. മുസ്ലിംലീഗ് കണ്ണൂർ ജില്ലാ കൗൺസിലറും ആദ്യകാല യൂത്ത്ലീഗ് നേതാവുമാണ്. തളിപ്പറമ്പ യതീംഖാന, സീതിസാഹിബ് ഹൈസ്കൂൾ, സയ്യിദ്നഗർ നുസ്രത്തുൽ ഇസ്ലാം ജമാഅത്ത് സ്ഥാപക കമ്മിറ്റി അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. മക്കൾ: ബഷീർ സീറായിൻ (കച്ചവടം), അബ്ദുൽലത്തീഫ് (അബുദാബി കെ.എം.സി.സി മുനിസിപ്പൽ പ്രസിഡണ്ട്) ഡോ. ജാഫർ (എം.എം ഹോസ്പിറ്റൽ, പാപ്പിനിശേരി). ബീഫാത്തു (പടപ്പേങ്ങാട്), സുബൈദ, സുമയ്യത്ത്. മരുമക്കൾ: കെ.പി.ഇബ്രാഹിം (പടപ്പേങ്ങാട്), പി.ഉമ്മർ (പുഷ്പഗിരി), സയ്യിദ്നഗറിലെ സി.പി.മുഹമ്മദ് ബഷീർ (അബുദാബി), പി.സി.സാജിത (പുഷ്പഗിരി), ബുഷ്റ (മന്ന), ജസ്ന (പാപ്പിനിശേരി).



### ദേവസ്യ

പയ്യാവൂർ: ചന്ദനക്കാംപാറയിലെ പരേതരായ വരമ്പകത്ത് മത്തായി- ഏലിയാമ്മ ദമ്പതികളുടെ മകൻ ദേവസ്യ (75) നിര്യാതനായി. സഹോദരങ്ങൾ: അന്നമ്മ ആഞ്ജലി തോപ്പിൽ, തോമസ്, ലില്ലി ചാലിൽ, കുട്ടിയമ്മ തേക്കട, വത്സമ്മ ചിറ്റേട്ട്, തങ്കമ്മ പാറയ്ക്കൽ, ആന്റണി, പരേതരായ ജോസഫ്, മാത്യു, വർഗീസ്.



### ഹംസഹാജി

ആലക്കാട്: ടി.കെ. ഹൗസിൽ മാടാളൻ ഹംസ ഹാജി (85) നിര്യാതനായി. ഭാര്യ: നഫീസ തുന്തക്കാച്ചി. മക്കൾ: അബ്ദുൾറൗഫ്, ഹാഷിം, അബൂബക്കർ, അഷ്റഫ്, നൗഷാദ്, ഹസൻ, ആയിഷ, ആമിന, സൈനബ, ഷരീഫ, കദീജ, ഫൗസിയ.



### മേരി

ആലക്കോട്: വെള്ളാട് ആശാൻകവലയിലെ പരേതനായ ഓരത്തേൽ സ്കറിയായുടെ ഭാര്യ മേരി (83) നിര്യാതയായി. കാർത്തികപുരം കച്ചിറയിൽ കുടുംബാംഗമാണ്. മക്കൾ: അച്ചാമ്മ, ലിസി, ജെസീന്ത, റെജീന, ബിജു ഓരത്തേൽ (കരുവഞ്ചാൽ മണ്ഡലം കോൺഗ്രസ് പ്രസിഡണ്ട്). മരുമക്കൾ: ദേവസ്യ പുത്തൻവീട്ടിൽ (കരുവഞ്ചാൽ), സണ്ണി കപ്പലുമാക്കൽ (തേർത്തല്ലി), ബേബിച്ചൻ കല്ലോലിമറ്റത്തിൽ (താളിപ്പാറ), ടെസി കവളക്കാട്ട് (തുരുമ്പി), പരേതനായ ജോയി പൗവ്വത്തുപറമ്പിൽ (വെള്ളാട്). സംസ്കാരം നാളെ ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് ആശാൻകവല വിജയപുരം സെന്റ് തോമസ് പള്ളിയിൽ.



### സന്തോഷ്

കൊയ്യം: പെരിന്തലേരിയിലെ പരേതനായ പി.പി.കുഞ്ഞിരാമന്റെ മകൻ ടി.സന്തോഷ് (41) നിര്യാതനായി. സി.പി.എം പെരിന്തലേരി ബ്രാഞ്ചംഗവും സി.ആർ.സിയുടെ സജീവ പ്രവർത്തകനുമാണ്. അമ്മ: തറമ്മൽ പാറുക്കുട്ടി. ഭാര്യ: ഷീജ (ചേപ്പറമ്പ്). മക്കൾ: ആർദ്ര (പെരിന്തലേരി എ.യു.പി സ്കൂൾ ഒന്നാം ക്ലാസ് വിദ്യാർത്ഥിനി), ആഗ്നേയ. സഹോദരങ്ങൾ: ഗീത (അംഗൻവാടി ടീച്ചർ, മൊയാലം), ശോഭ, സതി.


ഓണം- ബക്രീദ് പ്രമാണിച്ച്
10-ാം തീയതി മുതൽ
27-ാം തീയതി വരെ
സ്പെഷ്യൽ ഡിസ്കൗണ്ട്
ഓഫർ

- ഗുണനിലവാരത്തിൽ 17വർഷം
- ഹോം ഡെലിവറി
- തികഞ്ഞ ഉത്തരവാദിത്വം
- കല്ല്യാണങ്ങൾക്കും മറ്റു പർച്ചേസുകൾക്കും പ്രത്യേക കിഴിവ്

രാജധാനി
മാർജിൻ ഫ്രീ സൂപ്പർ മാർക്കറ്റ്
കെ.വി. കോംപ്ലക്സ്, ബസ്സ്റ്റാന്റ്, തളിപ്പറമ്പ
Ph: 0460 2203971



ഞങ്ങളുടെ ഡിസ്കൗണ്ട് കാർഡ് ഉള്ളവർക്ക് ഓണം ഓഫറിന് പുറമെ 1000 രൂപയ്ക്ക് മുകളിലുള്ള പർച്ചേഴ്സിന് 1kg പഞ്ചസാര സൗജന്യം


Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 248 RNI Reg.No.KER MAL/2007/22043